## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4199.** **17/05/2017-ന് മറുപടിക്ക്**

### പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ മലയാളം

**ചോദ്യം**
**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീമതി.ഗീതാ ഗോപി**
**ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ**
**ശ്രീ.കെ.രാജൻ**

**ഉത്തരം**
**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ബിരുദം യോഗ്യതയായുള്ള എല്ലാ പി.എസ്.സി.പരീക്ഷകൾക്കും പത്ത് മാർക്കിനു മലയാളം ചോദ്യങ്ങൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) & (ബി) | മലയാളഭാഷാ ചോദ്യങ്ങൾ പി.എസ്.സി പരീക്ഷകളിൽ ഉൾപ്പെടുത്തുന്നതിനുള്ള ഒന്നാം ഘട്ടമെന്ന നിലയിൽ ബിരുദം യോഗ്യതയായുള്ള ചില തസ്തികകളിൽ മലയാളം/തമിഴ്/കന്നഡ എന്നീ ഭാഷകളിൽ പത്തു മാർക്കിന്റെ ചോദ്യങ്ങൾ ഉൾപ്പെടുത്താൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ നിയമനപ്പരീക്ഷകളിൽ മലയാളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനായി ബഹു.മുഖ്യമന്ത്രി, പി.എസ്.സി ചെയർമാനുമായും ഔദ്യോഗികഭാഷാ വകുപ്പ് സെക്രട്ടറിയുമായും 03.05.2017-ന് നടത്തിയ ചർച്ചയിൽ, ചിങ്ങം 1 മുതൽ ബിരുദം യോഗ്യതയായുള്ള എല്ലാ പരീക്ഷകളിലും 10 മാർക്കിന്റെ മലയാളം ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നതായി പി.എസ്.സി. ചെയർമാൻ അറിയിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ മലയാള രചനാശേഷി പരിശോധിക്കണമെന്നും പൂർണമായും മലയാളത്തിൽ പരീക്ഷകൾ നടത്താൻ കഴിയുമോ എന്നും പരിശോധിക്കണമെന്ന് ചർച്ചാവേളയിൽ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഔദ്യോഗികഭാഷാ വകുപ്പിന്റെയും പി.എസ്.സി.യുടെയും പ്രതിനിധികളും മറ്റ് വിദഗ്ധരും ഉൾപ്പെടുന്ന സമിതി രൂപവൽക്കരിച്ച് ഇക്കാര്യം പരിശോധിച്ച് വിശദമായി റിപ്പോർട്ട് ലഭ്യമാക്കാമെന്ന് പി.എസ്.സി. ചെയർമാൻ അറിയിച്ചിട്ടുണ്ട്. |
| (ബി) | പി.എസ്.സി. നടത്തുന്ന ബിരുദം യോഗ്യതയായുള്ള പരീക്ഷകൾ മലയാളത്തിൽ നടത്തുന്നതിന് നീക്കമുണ്ടോയെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| (സി) | മെഡിക്കൽ, എഞ്ചിനീയറിംഗ്, ലക്ച്ചറർ തസ്തിക പോലെ സാങ്കേതിക യോഗ്യതകൾ വേണ്ടുന്ന തസ്തികകളിലേക്ക് പൂർണ്ണമായി മലയാളത്തിൽ പരീക്ഷ നടത്തുന്നത് പ്രായോഗികമാണോ; വ്യക്തമാക്കുമോ? | (സി) | സാങ്കേതിക യോഗ്യതയുള്ള തസ്തികകൾക്ക് മലയാളം ഉൾപ്പെടുത്തുന്നതിൽ സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ